Draft #1 of File 57747/AD A6-1/2022/AD A 6 Approved by Registrar on 16-Apr-2022 01:00 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 57747/AD A6-1/2022/എ ഡി എ 6 തീയതി: 16.04.2022

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- ജീവനക്കാരുടെ/പെൻഷൻകാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്)- വിവര ശേഖരണം സംബന്ധിച്ച്

സൂചന :- 1.സ.ഉ.(അച്ചടി) നം.54/2017/ധന , തീയതി 24/04/2017
2.സർക്കാർ പരിപത്രം നം.32/2022/ധന , തീയതി 06/04/2022

സൂചന(1) -ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ (MEDISEP) ഭാഗമായി, സൂചന (2) -ലെ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും/ പെൻഷൻകാരും മെഡിസെപ് ഐഡി, പെൻ നമ്പർ/ പി.പി.ഓ നമ്പർ, ജനനതീയതി, ജൻഡർ, മൊബൈൽ നമ്പർ, ആശ്രിതരുടെ വിവരങ്ങൾ, ഇമെയിൽ ഐ.ഡി, എന്നീ വിവരങ്ങൾ അടിയന്തിരമായി പരിശോധിച്ച്, ആയതിൽ കൂട്ടിച്ചേർക്കലോ/ തെറ്റുതിരുത്തലോ ഉള്ളപക്ഷം എ.ഡി.എ 6 സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്. നിലവിൽ തന്നിരിക്കുന്ന വിവരങ്ങളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നതാണ്. തെറ്റുകൾ തിരുത്തേണ്ടതിന്റെ ഉത്തരവാദിത്തം ഓരോ അംഗത്തിന്റേതുമാണ്. കൂടാതെ ഇനിയും ഈ പദ്ധതിയിൽ അംഗങ്ങൾ ആകാത്ത ജീവനക്കാർ/ പെൻഷൻകാർ ഇതൊരറിയിപ്പായി കണക്കാക്കി അപേക്ഷകൾ എ.ഡി.എ 6 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. മെഡിസെപ് പദ്ധതി മെയ് മാസത്തോടെ തുടങ്ങുന്നതിനാൽ ഏപ്രിൽ 20-ന മുൻപായി എല്ലാ ജീവനക്കാരും/ പെൻഷൻകാരും നിർബന്ധമായും മെഡിസെപ് രേഖകൾ പരിശോധിക്കേണ്ടതും ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുമാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം